# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഷോളയാര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD(9)/1253/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഷോളയാര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഷോളയാര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷോളയാര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD(9)/1253/22 തീയ്യതി: 22/07/2022

## പാലക്കാട് ജില്ലയിലെ ഷോളയാര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വര്ഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോര്ട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഷോളയാര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വര്ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2020 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശശിഭൂഷൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 05-06-2022 | 09-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-06-2022 | 09-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ.ടി.കെ ഓഡിറ്റ് ഓഫീസർ
ശ്രീ.ജിജേഷ്.എം .സിനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കന്തസ്വാമി .ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രത്തിന രാമമൂർത്തി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-11-2020 | 04-12-2020 |
| ശ്രീ.രാമമൂർത്തി | പ്രസിഡന്റ് | 05-12-2020 | 31-03-2021 |
| ശ്രീ.ഷാജൻ.വി.എ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോൺ.ജെ | അസി.സെക്രട്ടറി | 01-04-2020 | 06-08-2020 |
| ശ്രീ.ജയചന്ദ്രൻ.എ | അസി.സെക്രട്ടറി | 07-08-2020 | 31-03-2021 |
| ശ്രീ.രാജേഷ്.കെ.ടി | അസി.എൻജിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ദീപ | കൃഷി ഓഫീസർ | 01-04-2020 | 28-10-2020 |
| ശ്രീമതി.സെൽവി | കൃഷി ഓഫീസർ | 29-10-2020 | 31-03-2021 |
| ഡോ.മിഥുൻ കെ.സി | വെറ്റിനറി സർജ്ജൻ | 01-04-2020 | 01-07-2020 |
| ഡോ.കണ്ണൻ.എസ് | വെറ്റിനറി സർജ്ജൻ | 02-07-2020 | 11-03-2021 |
| ഡോ.മരിയ ലൂക്കോസ് | വെറ്റിനറി സർജ്ജൻ | 12-03-2021 | 31-03-2021 |
| ശ്രീമതി.സെനി ഹെലൻ | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 16-06-2020 |
| ശ്രീ.ഈശ്വരൻ.എം | ഹെഡ്മാസ്റ്റർ | 17-06-2020 | 31-03-2021 |
| ശ്രീ.വിപിൻ | വി.ഇ.ഒ | 01-04-2020 | 20-12-2020 |
| ശ്രീമതി.സജിത.പി | വി.ഇ.ഒ | 21-12-2020 | 31-03-2021 |
| ശ്രീമതി.വിബിത.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 01-08-2020 |
| ശ്രീമതി.വിനീത.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-08-2020 | 31-03-2021 |
| ഡോ.അരുൺ അൽഫോൺസ് | MO(PHC) | 01-04-2020 | 22-07-2020 |
| ഡോ.ജയകുമാർ.വി.എൽ | Mo(PHC) | 23-07-2020 | 31-03-2021 |
| ഡോ.ശ്രീജ.ജെ | MO (ISM ) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-2-1 |
| 4 | സാമ്പത്തിക നില<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-4 |
| 6 | ഫണ്ട് വിനിയോഗം -2.70 കോടി ലാപ്സാക്കി<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-6 |
| 9 | ക്ഷേമപെൻഷൻ<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ<br>Written By: Kanthaswami.I (Auditor, On 01-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 1-10 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ -അപാകങ്ങൾ<br>Written By: Kanthaswami.I (Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-11 |
| 14 | തൊഴിൽ നികുതി -അപാകങ്ങൾ<br>Written By: Kanthaswami.I (Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-12 |
| 15 | റസിഡൻഷ്യൽ ഹോം സ്റ്റേകൾ എന്ന വിഭാഗം സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിരക്ക് നിർണ്ണയിച്ചിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-13 |
| 16 | അനധികൃത നിർമ്മാണം-തുടർനടപടികൾ, മോണിട്ടറിങ് എന്നിവ കാര്യക്ഷമമല്ല | 1-14 |

| | | |
|---|---|---|
| | Written By: Kanthaswami.I (Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | |
| 17 | അസി.എൻജിനിയർ-E- TENDER വരവ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കണം<br>Written By: T.K.Nasseer (Audit Officer, On 07-06-2022)<br>Last Updated By: T.K.Nasseer (Audit Officer, On 07-06-2022) | 1-15 |
| 18 | മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ<br>Written By: T.K.Nasseer (Audit Officer, On 07-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 1-16 |
| 19 | ടാറിങ് പ്രവർത്തി -ബാരൽ വില കുറവ് ചെയ്തിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 07-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-17 |
| 20 | ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം -ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി ലഭ്യമാക്കണം<br>Written By: T.K.Nasseer (Audit Officer, On 07-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 1-18 |
| 21 | പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ -പരിപാലന കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 07-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-19 |
| 22 | കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ -പഴയത് സ്റ്റോക്കിലെടുത്തില്ല<br>Written By: T.K.Nasseer (Audit Officer, On 07-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-20 |
| 23 | ഖരമാലിന്യ സംസ്കരണ പ്ലാൻറ് -ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 08-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-21 |
| 24 | ബസ്സ് സ്റ്റാന്റ് നിർമ്മാണം -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 08-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-22 |
| 25 | NREGS -മെറ്റീരിയൽ പർച്ചേസ് -GST/TDS നടത്തിയിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 08-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-23 |
| 26 | അഗതി രഹിത കേരളം -മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: T.K.Nasseer (Audit Officer, On 08-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-24 |
| 27 | കുടുംബശ്രീയ്ക്ക് AHADS ഫണ്ട് -മോണിട്ടറിങ് കാര്യക്ഷമമല്ല<br>Written By: T.K.Nasseer (Audit Officer, On 08-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-25 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Jijeesh (Senior Grade Auditor, On 08-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-26 |
| 29 | സ്കൂളുകളിൽ അടിസ്ഥാന സൗകര്യത്തിനു വേണ്ട പദ്ധതികൾ ഏറ്റെടുക്കുന്നില്ല.<br>Written By: Jijeesh (Senior Grade Auditor, On 08-06-2022)<br>Last Updated By: T.K.Nasseer (Audit Officer, On 11-06-2022) | 1-27 |
| 30 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അപാകങ്ങൾ<br>Written By: Jijeesh (Senior Grade Auditor, On 08-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-28 |
| 31 | ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് കാലികമാക്കി അർഹരായവർക്ക് ആനുകൂല്യം നൽകേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 08-06-2022)<br>Last Updated By: T.K.Nasseer (Audit Officer, On 11-06-2022) | 1-28-1 |
| 32 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള | 1-28-2 |

| | | |
|---|---|---|
| | പരമാവധി തുക വകയിരുത്തേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 08-06-2022)<br>Last Updated By: T.K.Nasseer (Audit Officer, On 11-06-2022) | |
| 33 | തെരുവ് വിളക്ക് പരിപാലനം- അവലോകനം<br>Written By: Jijeesh (Senior Grade Auditor, On 08-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-29 |
| 34 | തെരുവ് വിളക്കുകൾക്കുള്ള രജിസ്റ്ററുകൾ<br>Written By: Jijeesh (Senior Grade Auditor, On 08-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 08-06-2022) | 1-29-1 |
| 35 | സംയുക്തപരിശോധന<br>Written By: Jijeesh (Senior Grade Auditor, On 08-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 08-06-2022) | 1-29-2 |
| 36 | തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പദ്ധതികൾ<br>Written By: Jijeesh (Senior Grade Auditor, On 08-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-29-3 |
| 37 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്കുകൾ - ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് നടത്തിയില്ല.<br>Written By: Jijeesh (Senior Grade Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-30 |
| 38 | ആർട്ട്കോയിൽ നിന്നുള്ള വാങ്ങലുകളിൽ ജി എസ് ടി-ടിഡിഎസ് കുറവ് ചെയ്യുന്നില്ല.<br>Written By: Jijeesh (Senior Grade Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-31 |
| 39 | ലൈഫ് മിഷൻ- ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.<br>Written By: Jijeesh (Senior Grade Auditor, On 09-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 1-32 |
| 40 | ലൈഫ് മിഷൻ (പട്ടിക വർഗ്ഗം) - ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ<br>Written By: Jijeesh (Senior Grade Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-32-1 |
| 41 | ലൈഫ് മിഷൻ (എസ്.സി.പി ) - ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ<br>Written By: Jijeesh (Senior Grade Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-32-2 |
| 42 | അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 08-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-33 |
| 43 | ക്ഷീര വികസനം- പ്രോജക്കുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-34 |
| 44 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-35 |
| 45 | കുടിവെള്ളപദ്ധതികളുടെ പരിപാലനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: Kanthaswami.I (Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-36 |
| 46 | സുഭിക്ഷകേരളം പദ്ധതി- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 1-37 |
| 47 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല.<br>Written By: Kanthaswami.I (Auditor, On 09-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 1-38 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | ടാറിങ് പ്രവർത്തി -ബാരൽ വില കുറവ് ചെയ്തിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 04-07-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: Haseena KU (Computer Assistant, On 21-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: T.K.Nasseer (Audit Officer, On 01-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

21.3.2020 തീയതിയിലെ 1/1 നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1964591 |
| പ്രതീക്ഷിത തൻവർഷം വരവ് | 204451591 |
| ആകെ വരവ് | 204451591 |
| പ്രതീക്ഷിത ചെലവ് | 203018600 |
| നീക്കിയിരിപ്പ് | 1432991 |

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 20-21 | 31-7-2021 | 26-05-2021 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക, രജിസ്റ്ററുകൾ പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2.പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

3.വെള്ളക്കരവുമായി ബന്ധപ്പെട്ട് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ വെള്ളക്കരത്തിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, എന്നിവയുടെ ആധികാരികത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

4.വെള്ളക്കരം പിരിവിനായി ഉപയോഗിക്കുന്ന രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രശീതി ബുക്കുകൾ വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ ചേർക്കുന്നില്ല .

### 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 36377780.72 |
| വരവ് | 114160748 |
| ആകെ | 150538528.72 |
| ചെലവ് | 126432697 |
| നീക്കിയിരിപ്പ് | 24105831.72 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 21896172 | 21896172 | 20313431 | 1582741 |
| പ്ലാൻ (SCP) | 0 | 2299560 | 2299560 | 1985000 | 314560 |
| പ്ലാൻ (TSP) | 0 | 24317433 | 24317433 | 18243607 | 6073826 |
| CFC (BASIC ) | 0 | 26113580 | 26113580 | 16153632 | 9959948 |
| CFC (TIED) | 0 | 11660000 | 11660000 | 3892603 | 7767397 |
| റോഡ് (MG) | 0 | 5513000 | 5513000 | 5477566 | 35434 |
| റോഡിതരം (MG) | 0 | 7767632 | 7767632 | 6493047 | 1274585 |
| ആകെ | 0 | 99567377 | 99567377 | 72558886 | 27008491 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃതം- TSC | 710006 | 0 | 710006 | 260000 | 450006 |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ | | | | | | |
| കേന്ദ്രാവിഷ്കൃതം- ICDS | | 3524548 | 1250888 | 4775436 | 470616 | 4304820 |
| ശുചിത്വമിഷൻ TSC | | 4131303 | 2075794 | 6207097 | 168000 | 6039097 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (Rpപ്രകാരം)* | ബ്ലോക്ക് പഞ്ചായത്ത് | 1956961 | 0 | 1956961 | 650000 | 1306961 |
| | ജില്ലാ പഞ്ചായത്ത് | 9427750 | 0 | 9427750 | 4828000 | 4599750 |

കേന്ദ്രാവിഷ്കൃതം

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃതം- TSC ശുചിത്വ മിഷൻ | | 3125075 | 2228192 | 5353267 | 2098928 | 3254339 |
| കേന്ദ്രാവിഷ്കൃതം- ICDS | | 863892 | 1205651 | 2069543 | 987450 | 1082093 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (Rpപ്രകാരം)* | ബ്ലോക്ക് പഞ്ചായത്ത് | 863892 | 550000 | 1413892 | 1070472 | 4343420 |
| | ജില്ലാ പഞ്ചായത്ത് | 818425 | 300000 | 1118425 | 818425 | 300000 |

1. ലൈഫ് ഭവനപദ്ധതിക്കായുള്ള KURDFC ലോൺ തിരിച്ചടവ് തുക 2356628/-രൂപ, അങ്കണവാടി വർക്കർമാർക്കുള്ള പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക 2365200രൂപ എന്നിവ ഉൾപ്പെടെ ആകെ 4721828 രൂപ വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും, ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 541921 രൂപ വികസനഫണ്ട് എസ്.സി.പി വിഭാഗത്തിൽ നിന്നും,ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 600432 രൂപ വികസനഫണ്ട് ടി.എസ്.പി വിഭാഗത്തിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത് മേൽപട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.തൊഴിലുറപ്പ് പദ്ധതിക്കായുള്ള മറ്റീരിയൽ കോസ്റ്റ് 7510963 തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം,ചെലവ് എന്നിവ 7510963 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 7510963 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

### 1-4-1 ഫണ്ട് വിനിയോഗം -2.70 കോടി ലാപ്സാക്കി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 21896172 | 21896172 | 20313431 | 1582741 |
| പ്ലാൻ (SCP) | 0 | 2299560 | 2299560 | 1985000 | 314560 |
| പ്ലാൻ (TSP) | 0 | 24317433 | 24317433 | 18243607 | 6073826 |
| CFC (BASIC ) | 0 | 26113580 | 26113580 | 16153632 | 9959948 |
| CFC (TIED) | 0 | 11660000 | 11660000 | 3892603 | 7767397 |
| റോഡ് (MG) | 0 | 5513000 | 5513000 | 5477566 | 35434 |
| റോഡിതരം (MG) | 0 | 7767632 | 7767632 | 6493047 | 1274585 |
| ആകെ | 0 | 99567377 | 99567377 | 72558886 | 27008491 |

ആകെ ലഭ്യമായ 9.95 കോടിയിൽ 7.75 കോടി ചെലവഴിക്കപ്പെട്ടു. 2.70 കോടി ലാപ്സായി. മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

തൻവർഷം അംഗീകാരം ലഭ്യമാക്കിയ 228 പ്രൊജക്ടിൽ 177 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത് (77% ).ആകെ അടങ്കൽ 18.49 കോടിയിൽ 10.33 കോടി ചെലവഴിക്കപ്പെട്ടു.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി | ഭാഗികമായി | നടപ്പാക്കാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | യത് (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 184951000 | 177 | 103368308 | 0 | 51 | 77% |

1-5-1-പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമല്ല.

നിർവ്വഹണോദ്ധ്യോഗസ്ഥർ തൻവർഷം നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആകെ പ്രൊജക്ട് | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 16 | 10 | 6 | 4945090 | 938650 | 19% |
| വെറ്റിനറി സർജ്ജൻ | 11 | 11 | 0 | 16830000 | 12496001 | 74% |
| MO (PHC) | 3 | 3 | 0 | 1356054 | 1278802 | 94% |
| MO (HOMEO) | 2 | 2 | 0 | 180000 | 180000 | 100% |
| MO (AYUR) | 2 | 2 | 0 | 1240000 | 1240000 | 100% |
| ഫിഷറീസ് | 1 | 0 | 1 | 1353000 | 0 | 0% |
| VEO | 16 | 12 | 4 | 54817375 | 29567050 | 54% |
| ICDS | 7 | 6 | 1 | 6491800 | 5098089 | 79% |
| സെക്രട്ടറി | 41 | 34 | 7 | 25802521 | 12271300 | 48% |
| അസി.എൻജി. | 121 | 91 | 30 | 67219832 | 37282013 | 55% |
| ഹെഡ് മാസ്റ്റർ | 1 | 1 | 0 | 300000 | 154500 | 52% |
| അസി.സെക്രട്ടറി | 7 | 5 | 2 | 4415328 | 2861903 | 64% |
| ആകെ | 228 | 177 | 51 | 184951000 | 103368308 | 56% |

പൂർണ്ണതോതിലുള്ള പദ്ധതി നിർവ്വഹണത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3965 | 3281772 | 3285737 | 3248370 | 37367 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 125638145 | 125638145 | 125638145 | 0 |
| ആകെ | 3965 | 128919917 | 128923882 | 125962513 | 37367 |

## 1-7 ക്ഷേമപ്പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | 0 |
| കർഷകതൊഴിലാളി പെൻഷൻ | 125600 | 77 |
| വിധവാപെൻഷൻ | 14316400 | 183 |
| വാർദ്ധക്യകാലപെൻഷൻ | 26741600 | 194 |
| വികലാംഗപെൻഷൻ | 2319900 | 92 |
| അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്ക് പെൻഷൻ | 24000 | 2 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

01-06-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം 2.30ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3057/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞത് ഒഴികെയുള്ള കാര്യങ്ങളിൽ വാർഷിക കണക്കിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം.1 ആയി ചേർത്തിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാനുവലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്‌വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പ് വെക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നില്ല. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്ക് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത് വസ്തു നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർക്ക്, സെക്രട്ടറിക്ക് ഫോർവേർഡ് ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന മുറയ്ക്ക് നികുതി ഡിമാന്റ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. 20-21 ൽ മറ്റ് നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാനുവലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്ഥാപനം സ്വീകരിക്കുന്നില്ല. ക്യാമ്പ് കളക്ഷനും ഫീൽഡ് കളക്ഷനും നടത്തി നികുതികൾ പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗയശ്ശൂന്യമാകുന്ന വസ്തുവകകൾ കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റന്റൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് Software (സകർമ) ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്. ഗ്രാമസഭായോഗങ്ങളിൽ ക്വാറം തികയുന്നുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 20-21 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹ 2.70 കോടി ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

ജലനിധിയിൽ നിന്ന് ഏറ്റെടുത്ത് പഞ്ചായത്ത് നേരിട്ട് നടത്തി വരുന്ന കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പ്രത്യേകം മോണിട്ടറിങ് നടത്തേണ്ടതുണ്ട്.

നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതി കളുടെ നികുതിപിരിവ് കുറ്റമറ്റതാക്കി ഡിമാന്റ് രജിസ്റ്റർ കാലികമാക്കി കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

പൂർത്തീകരിക്കാത്ത ബസ്സ് സ്റ്റാന്റ്, ഖരമാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-04-2022 | 12/2020 &1/2022 | 23.4.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5-5-2014മുതൽ 13-5-2014വരെ | 2009-10-2013-14 | 15-7-2014 |

1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്

സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ -അപാകങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിലെ കാര്യക്ഷമത പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു.

2. ഇറച്ചിക്കടകൾക്ക് ലൈസൻസ്- സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കണം

2020-21 വർഷം ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന ലൈസൻസികൾക്ക് ഇറച്ചിക്കടകൾ നടത്തുവാൻ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ലൈസൻസിയുടെ പേര് | ലൈസൻസ് നം |
|---|---|---|
| 1 | പ്രദീപ്.എ.എസ്, ബിസ്മി ഹലാൽ ചിക്കൻ സ്റ്റാൾ | 10 |
| 2 | കറുപ്പസ്വാമി<br>ചിക്കൻ സ്റ്റാൾ | 5 |
| 3 | രാജൻ, ദീപിക ചിക്കൻ സ്റ്റാൾ | 112 |

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 , 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2 /09/തസ്വഭവ തീ.17-09-2009 , സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012 ) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്. ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി , ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

3.ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് വാണിജ്യ/ വ്യവസായ വിഭാഗത്തിൽപ്പെടുന്ന 750 ലധികം കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 131 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസോടുകൂടി പ്രവർത്തിക്കുന്നത്. ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം:13/20-21 /2.6.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 തൊഴിൽ നികുതി -അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത്

മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ/ ജീവനക്കാരുടെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | എക്സൈസ് ചെക്ക് പോസ്റ്റ്, മട്ടത്തുക്കാട് | 2 |
| 2 | കനറാ ബാങ്ക് | 2 |
| 3 | കെ.എസ്.ഇ.ബി- എക്സ്.എഞ്ചിനീയർ | 2 |
| 4 | സാക്ഷരതാപ്രേരക് | 2 |
| 5 | കോപ്പറേറ്റീവ് ബാങ്ക്, ഷോളയൂർ | 1 & 2 |
| 6 | കരാർ ജീവനക്കാർ, ഷോളയൂർ ഗ്രാമ പഞ്ചായത്ത് | 1 & 2 |

കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ് മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി അടച്ചതായോ കാണുന്നില്ല. ഇവർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

വിവിധ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ക്ഷീരോൽപാദന സഹകരണ സംഘം- ഷോളയൂർ | 1 & 2 |
| 2 | ക്ഷീരോൽപാദന സഹകരണ സംഘം- പെട്ടിക്കൽ | 1 & 2 |
| 3 | ക്ഷീരോൽപാദന സഹകരണ സംഘം- കോട്ടത്തറ | 1 & 2 |
| 4 | മാവേലി സ്റ്റോർ, ആനക്കട്ടി | 1 & 2 |
| 5 | കോപ്പറേറ്റീവ് ബാങ്ക്, കോട്ടത്തറ | 1 & 2 |
| 6 | ഭവാനി റ്റീ പ്രോഡക്ട്സ് | 1 &2 |
| 7 | കനറാ ബാങ്ക് | 1 &2 |

സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിലുടമകളോട് ജീവനക്കാരുടെ പേരു വിവരവും, വരുമാനവും സംബന്ധിച്ച് അർദ്ധവാർഷിക തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭ്യമാക്കുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് പ്രദേശത്ത് തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൻമൂലം എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം:14/20-21 /2.6.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13 റസിഡൻഷ്യൽ ഹോം സ്റ്റേകൾ എന്ന വിഭാഗം സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിരക്ക് നിർണ്ണയിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം 'റസിഡൻഷ്യൽ ഹോം സ്റ്റേ' എന്ന കെട്ടിട വിഭാഗത്തിന് കുറഞ്ഞത് 10 രൂപയും കൂടിയ നിരക്ക് 25 രൂപയും നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്ത് ഉചിതമായ നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി ഈ വിഭാഗത്തിന് പുതുക്കിയ നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ 'റസിഡൻഷ്യൽ ഹോം സ്റ്റേ' എന്ന വിഭാഗം കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. ഓഡിറ്റ് എൻക്വയറി നം:15/20-21 /2.6.22.

1-14 അനധികൃത നിർമ്മാണം-തുടർനടപടികൾ, മോണിട്ടറിങ് എന്നിവ കാര്യക്ഷമമല്ല

അനധികൃതനിർമ്മാണ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 7 കെട്ടിടങ്ങളാണ് ഉള്ളത്. രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾ കാണുന്നു.

അനധികൃത നിർമ്മാണ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29342/ആർ.എ1/2014/ തസ്വഭവ, 19.05.2014 തിയതിയിലെ ഉത്തരവിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതും രജിസ്റ്ററിൽ ഏതുതരം ചട്ടലംഘനമാണ് നടത്തിയത് എന്നും ടി ലംഘനം പ്രതിപാദിക്കുന്ന റൂൾസ്, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരം വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോളും ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ്, റെഗുലറൈസേഷൻ എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം, ഇവയിൽ നടപടികൾ സ്വീകരിച്ചവ, നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ, അനധികൃത നിർമ്മാണങ്ങളുടേയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടേയും വിവരം എന്നിവ സർക്കാറിനെ അറിയിക്കേണ്ടതാണ്. എന്നാൽ മേൽ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി നം:16/20-21 /2.6.22

1-15 അസി.എൻജിനിയർ-E- TENDER വരവ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കണം

അസി.എൻജിനിയർ E -ടെൻണ്ടർ നടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് വേണ്ടി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ട് (നം:37457063161 , മറ്റത്തുക്കാട് ശാഖ)ൽ 31.3.3021 ന് 551991 /-രൂപ നീക്കിയിരിപ്പ് ഉണ്ട് .ഇത് പഞ്ചായത്ത് ഫണ്ടിൽ (വാർഷിക കണക്കിൽ ) ഉൾപ്പെട്ടിട്ടില്ല.തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. E ടെൻണ്ടർ ടെൻണ്ടർഫീയിൽ GST ഉൾപ്പെടുന്നതിനാൽ ആയത് ക്വാർട്ടർളി ഫയലിങ് നടത്തിയതിൻറ വിവരം അസി. എൻജിനിയർ ലഭ്യമാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറി നം:7/20-21/3.6.22 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ

ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്.എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.ഇതു സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ അപൂർണ്ണമാണ് (കോൺട്രാക്ടറുടെ അപേക്ഷ,നിർവ്വഹണോദ്യോഗസ്ഥന്റ ശുപാർശ,പഞ്ചായത്ത് തീരുമാനം,ഫൈൻ ഈടാക്കിയ വിവരം എന്നിവ )

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ഫൈൻ സംബന്ധിച്ച് | | |
|---|---|---|---|
| | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| 1)പ്രവർത്തി:152/21-കൽമക്കിയൂർ റോഡ് ടാറിങ്<br>അടങ്കൽ : (500000 -MG)<br>ചെലവ് : 428843/-<br>ബിൽ നം : 40/20-21/11.8.20<br>എം ബുക്ക് :54/18-19<br>എഗ്രിമെൻറ്:55/AE/SLR/18-19/25.1.19<br>(PAC-428843)<br>പൂർത്തീകരിക്കേണ്ടതീയ്യതി:25.7.2019(6മാസം )<br>പൂർത്തീകരിച്ച തീയ്യതി :27.12..2019 (അവസാന ചെക്ക് മെഷർ) | 12865 | 0 | 12865 |

| | | | |
|---|---|---|---|
| 22.2.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ-ഗിരിദാസ് | | | |
| 2)പ്രവർത്തി:155/21-പെട്ടിക്കൽ സ്കൂൾ റോഡ് ടാറിങ്<br>അടങ്കൽ : 500000 -MG<br>ചെലവ് : 4970000/-<br>ബിൽ നം: 8/20-21/20.4.20<br>എം ബുക്ക് :47/18-19<br>എഗ്രിമെൻറ് :56/AE/SLR/18-19/25.1.19<br>(PAC-500000)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 25.7.2019 (6 മാസം As Per TS )<br>പൂർത്തീകരിച്ച തീയ്യതി :27.12.2019 (അവസാന ചെക്ക് മെഷർ)<br>25.7.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ-ശ്രീ.പ്രദീഷ് | 15000 | 0 | 15000 |
| 3)പ്രവർത്തി:154/21-ഷോളയൂർ വരടിമല റോഡ് ടാറിങ്<br>അടങ്കൽ :600000(MGR)<br>ചെലവ്: 600000/-<br>ബിൽ നം:9/20-21/20.4.20<br>എം ബുക്ക് :39/18-19<br>എഗ്രിമെൻറ് :70/AEE/LSGD/SLR/7.3.19<br>പൂർത്തീകരിക്കേണ്ട തീയ്യതി : 7.9.2019 (6 മാസം )<br>പൂർത്തീകരിച്ച തീയ്യതി :23.12.2019 (അവസാന ചെക്ക് മെഷർ)<br>7.9.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ :പ്രദീഷ് | 18000 | 0 | 18000 |
| ആകെ | | | 45865 |

പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കണം.ഓഡിറ്റ് എൻക്വയറി (നം: 9/20-21/3.6.22 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-17 ടാറിങ് പ്രവർത്തി -ബാരൽ വില കുറവ് ചെയ്തിട്ടില്ല

അസി. എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ റോഡ് ടാറിങ് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ചില ബില്ലുകളിൽ നിന്നും ടാർ ബാരലിന്റെ വിലയും GST യും ഈടാക്കുകയോ ബാരൽ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. ടാർ ബാരൽ തിരികെ നൽകി സ്റ്റോക്കിലെടുത്തതായും കാണുന്നില്ല. വിശദ വിവരം ചുവടെചേർക്കുന്നു(ബാരൽ വില 230 രൂപയും +18% GST 42 രൂപയും ഉൾപ്പടെ @272/ബരൽ ആണ് .ടാർ RS1 ,SS1 എന്നിവയ്ക്ക് ബാരൽ 182 Kg യും ടാർ VG-30 യ്ക്ക 156 Kg യും ആണ് കണക്കാക്കിയിട്ടുള്ളത്.

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ബാരൽ വില സംബന്ധിച്ച് | | |
|---|---|---|---|
| | ടാർ (Kg) | ബാരൽ | വില |
| 1)പ്രവർത്തി:152/21-കൽമക്കിയൂർ സ്മശാനം റോഡ് ടാറിങ്<br>അടങ്കൽ :500000(MGR)<br>ചെലവ്: 426843/-<br>ബിൽ നം:40/20-21/20.4.20<br>എം ബുക്ക് :44/18-19<br>എഗ്രിമെൻറ് :55/AEE/LSGD/SLR/25.1.19<br>കോൺട്രാക്ടർ :പ്രദീഷ് | RS1-198kg<br>SS1-612<br>VG30-1519-kg<br>ആകെ | 1.26<br>3.92<br>5.10<br>10.26 (11) | 11x272<br>=2992 |
| 2)പ്രവർത്തി:154/21-ഷോളയൂർ വരടിമല റോഡ് ടാറിങ്<br>അടങ്കൽ :600000(MGR) | RS1-121kg<br>SS1-374<br>VG30-929- | 0.80<br>2.39 | 14x272<br>=3808 |

| | | | |
|---|---|---|---|
| ചെലവ്: 600000/-<br>ബിൽ നം:9/20-21/20.4.20<br>എം ബുക്ക് :39/18-19<br>എഗ്രിമെൻറ് :70/AEE/LSGD/SLR/7.3.19<br>കോൺട്രാക്ടർ :പ്രദീഷ് | kg<br>ആകെ | 13.34<br>(14) | |
| 3)പ്രവർത്തി:155/21-പെട്ടിക്കൽ സ്കൂൾ റോഡ് ടാറിങ്<br>അടങ്കൽ : 500000 -MG<br>ചെലവ് : 4970000/-<br>ബിൽ നം: 8/20-21/20.4.20<br>എം ബുക്ക് :47/18-19<br>എഗ്രിമെൻറ്:56/AE/SLR/18-19/25.1.19<br>(PAC-500000)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 25.7.2019 (6 മാസം As Per TS )<br>പൂർത്തീകരിച്ച തീയ്യതി :27.12.2019 (അവസാന ചെക്ക് മെഷർ)<br>25.7.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ-ശ്രീ.പ്രദീഷ് | RS1-152kg<br>SS1-360<br>VG30-950kg<br>ആകെ | 1<br>2<br>6<br>9 | 10x272<br>=2720 |
| ആകെ | | | 9520 |

പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ കോൺട്രാക്ടർമിരിൽ നിന്ന് ഈടാക്കണം.ഓഡിറ് എൻക്വയറി (ന:20/20-21/3.6.22 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-18 ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം -ബന്ധപ്പട്ട വകുപ്പിന്റെ അനുമതി ലഭ്യമാക്കണം

താഴെപ്പറയുന്ന ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുള്ളത് പഞ്ചായത്തിൻറ, ആസ്തിയിൽ ഉൾപ്പെടുന്ന സ്ഥലത്തല്ല.(പി.ഡബ്ല്യു.ഡി,ഇറിഗേഷൻ വക ആസ്തി).ബന്ധപ്പെട്ട വകുപ്പുകളുടെ നിരാക്ഷേപ പത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| നം | പ്രൊജക്ട് /പേര് | അടങ്കൽ/ഫണ്ടിനം | ചെലവ് |
|---|---|---|---|
| 1 | 256/21-മട്ടത്തുകാട് ബസ് കാത്തിരിപ്പ് കേന്ദ്രം | 282000 (CFC ) -53/20-21 /20.1.21 | 282000 |
| 2 | 186/21-വട്ടലക്കി ബസ് കാത്തിരിപ്പ് കേന്ദ്രം | 250000 (CFC)-17/20-21 /11.7.20 | 249728 |
| 3 | 181/21-മട്ടത്തുകാട് ITI ബസ് കാത്തിരിപ്പ് കേന്ദ്രം | 250000(CFC ) 18/20-21 /11.7.20 | 249915 |
| 4 | 184/21-കൂടുതറ ബസ് കാത്തിരിപ്പ് കേന്ദ്രം | 250000 (CFC) 19/20-21 /11.7.20 | 249877 |
| 5 | 183/21-കത്താളക്കണ്ടി ബസ് കാത്തിരിപ്പ് കേന്ദ്രം | 250000 (CFC)20/20-21 /11.7.20 | 249877 |
| 6 | 182/20-21-കുലുക്കൂർ ബസ് കാത്തിരിപ്പ് കേന്ദ്രം | 250000 (CFC) 21/20-21 /11.7.20 | 249679 |
| 7 | 180/20-21-കോട്ടത്തറ ബസ് കാത്തിരിപ്പ് കേന്ദ്രം | 250000(CFC) 22/20-21 /11.7.20 | 246679 |

മേൽ പ്രകാരം ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുള്ളത് മറ്റ് വകുപ്പുകളുടെ ആസ്തിയിൽ ഉൾപ്പെടുന്ന സ്ഥലത്താണ് (PWD )നിർമ്മിച്ചിട്ടുള്ളത് .എന്നാൽ വകുപ്പിന്റ നിരാക്ഷേപ പത്രം ലഭ്യമാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറി (നം:11/20-22/ 4.6.22 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ -പരിപാലന കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല

20-21 ൽ പദ്ധതി വിഹിതം ഉപയോഗിച്ച് പൂർത്തികരിച്ച കുടിവെള്ള പദ്ധതികൾ അതാത് പരിപാലന കമ്മറ്റികൾകൾക്ക് രേഖാമൂലം കൈമാറിയതായി കാണുന്നില്ല.ഇതു സംബന്ധി 13-ാം പഞ്ച വത്സര പദ്ധതി

മാർഗ്ഗ നിർദ്ദേശങ്ങളിൽ പൂർത്തീകരിച്ചവ അതാത് പരിപാലന കമ്മറ്റികൾക്ക് രേഖാമൂലം കൈമാറേണ്ടതും തുടർപരിപാസലനച്ചെലവുകൾ കമ്മറ്റികൾ സ്വമേധയാ വഹിക്കണമെന്നും വ്യവസ്ഥയുണ്ട്.എന്നാൽ താഴെപ്പറയുന്ന പദ്ധതികൾ രേഖാമൂലം പരിപാലനകമ്മറ്റികൾക്ക് കൈമാറിയത് സംബന്ധിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

| നം. | പ്രൊജക്ട്/പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 236/21-തെക്കുംമുറി DWWS | 480000 | 480000 |
| 2 | 214/21-പുല്ലാനിവെട്ട DWWS | 200000 | 199896 |
| 3 | 210/21-കണ്ടത്തിൽക്കുന്നത് DWWS | 100000 | 100000 |
| 4 | 258/21-പഴയനിരത്ത് DWWS | 250000 | 250000 |
| 5 | 217/21-ചേലക്കുളം DWWS | 200000 | 200000 |
| 6 | 232/21-ഉപ്പംക്കുന്ന് DWWS | 200000 | 200000 |
| 7 | 238/21 -തൊട്ടുകാപ്പ് DWWS | 200000 | 159868 |
| 8 | 360/21-ഇളംക്കുന്ന് DWWS | 200000 | 200000 |
| 9 | 387/21 -കിഴക്കേപ്പുറമ്പ് DWWS | 200000 | 200000 |
| 10 | 213/20-കുട്ടാണി DWWS | 200000 | 198654 |
| 11 | 222/21-ഇളംക്കുന്ന് DWWS | 200000 | 200000 |
| 12 | 239/21-തൊട്ടുക്കാപ്പ് DWWS | 200000 | 200000 |
| 13 | 303/21-ചേലക്കുളം DWWS | 100000 | 995561 |
| 14 | 293/21-ചോളോട് DWWS | 100000 | 100000 |
| 15 | 198/21-തെക്കേക്കുന്ന് DWWS | 150000 | 104749 |

ഓഡിറ്റ് എൻക്വയറി (നം:27/20-21/ 3.6.22 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ -പഴയത് സ്റ്റോക്കിലെടുത്തില്ല

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 215/21-ബോഡിച്ചാള DWWS മോട്ടോർ മാറ്റൽ | അടങ്കൽ/ഫണ്ടിനം | 100000(PLAN) |
| ചെലവ് | 100000/- | ബിൽ നം | 35/20-21 /17.7.20 |
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 72/20-21 |
| എഗ്രിമെൻറ് | 69/19-20/AE/SLR /20.3.20 | കോൺട്രാക്ടർ | വിഷ്ണു പ്രസാദ് |

ഐറ്റം നം (1) പ്രകാരം പുതിയ 5 HP Oppen Well മോട്ടോർ @18135/-രൂപ നിരക്കിൽ 5HP മോട്ടോർ + സക്ഷൻ പൈപ്പ് + പാനൽ ബോഡ് ഉൾപ്പെടെയുള്ള നിരക്ക് ) 66748/- രൂപ അനുവദിച്ചിട്ടുണ്ട് , എന്നാൽ പഴയ മോട്ടോറിന്റെ പാനൽബോർഡ് അനുബന്ധ സാധനങ്ങൾ ഉപോഗിക്കാമെന്നിരിക്കെ 13135/- രൂപ നിരക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല സ്റ്റോക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി (നം:19/20-21/3.6.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ഖരമാലിന്യ സംസ്കരണ പ്ലാൻറ് -ലക്ഷ്യം കൈവരിച്ചിട്ടില്ല

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 192/21-ഖരമാലിന്യപ്ലാൻറ് അടിസ്ഥാന സൗകര്യമൊരുക്കൽ | അടങ്കൽ/ഫണ്ടിനം | 2650000 (PLAN ) |
| ചെലവ് | 2194894/- | ബിൽ നം | 14/20-21 /29.4.20-1616339/- |
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 62/19-20 |
| എഗ്രിമെൻറ് | 62/18-19/AE/SLR /5.2.19 | കോൺട്രാക്ടർ | ഗിരിദാസ്.K.D (PAC2198955 |

2018-19 ൽ എഗ്രിമെന്റ് വച്ച പദ്ധതി പൂർത്തീകരിച്ചത് 23.2.2022 ൽ മാത്രമാണ് .എന്നാൽ പൂർത്തീകരണ ശേഷം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന്ന് മാലിന്യ സംസ്കരണ നടപടികൾ നാളിതുവരെ

ആരംഭിച്ചിട്ടില്ല.പദ്ധതി ലക്ഷ്യം കൈവിരിക്കുന്നിത് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 ബസ്സ് സ്റ്റാന്റ് നിർമ്മാണം -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 198/21-ബസ്സ്റ്റാൻറ് നവീകരണം | അടങ്കൽ/ഫണ്ടിനം | 5000000 (PLAN ) |
| ചെലവ് | 4309643/- | ബിൽ നം | 45/20-21 /11.11.20-1385072/- 46/20-21 /11.11.20-841097/- 64/20-21 /23.3.21-2040377/- |
| നിർവ്വഹണം | അസി.എൻജിനിയർ | എംബുക്ക് | 65/18-19 ,165/18-19 |
| എഗ്രിമെൻറ് | 66/18-19/AE/SLR /6.3.19 | കോൺട്രാക്ടർ | രാജേന്ദ്രൻ (PAC4311634) |

കോൺട്രാക്ട് എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലാവധി 5.9.2020 ആണ് എന്നാൽ അവസാന ചെക്ക് മെഷർമെന്റ് തീയ്യതി 30.12.2020 ആണ്.പദ്ധതി പൂർത്തീകരിച്ചത് 30.12.2020 മാത്രമാണ് പബ്ലിക്ക് വർക്ക് മാന്വൽ നിയമപ്രകാരമുള്ള(വിശദ വിവരത്തിന് ഖണ്ഡിക 1-16 കാണുക) ഫൈൻ (4311634 X 1% =43116/-രൂപ ) ഈടാക്കിയിട്ടില്ല.മേൽ പ്രകാരമുള്ള നഷ്ടം കോൺട്രാക്ടറിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കണം

പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന്ന് തുടർനടപടി ത്വരിതപ്പെടുത്തേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം:26/20-21/3.6.22 )ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-23 NREGS -മെറ്റീരിയൽ പർച്ചേസ് -GST/TDS നടത്തിയിട്ടില്ല

20-21 ൽ താഴെപ്പറയും പ്രകാരം മെറ്റീരിയൽ പർച്ചേസ് ഇ-ടെൻണ്ടർ മുഖേന നടത്തി താഴെപ്പറയും പ്രകാരം കോൺട്രാക്ടർ ശ്രീ മൂർത്തിയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്.(ട്രാൻസാക്ഷൻ തീയ്യതി :25.12.2019 )

| നം | പ്രവർത്തി | മെറ്റീരിയൽകോസ്റ്റ് | കോൺട്രാക്ടർ |
|---|---|---|---|
| 1 | വട്ടലക്കി ഊര് നടപ്പാത | 322348 | ശ്രീ.മൂർത്തി |
| 2 | വെല്ലക്കുളം നടപ്പാത | 426749 | ശ്രീ.മൂർത്തി |
| 3 | താഴെക്കോട്ടത്തറ നടപ്പാത | 410778 | ശ്രീ.മൂർത്തി |
| 4 | വണ്ണാത്തറ നടപ്പാത | 409540 | ശ്രീ.മൂർത്തി |
| 5 | പന്നിക്കുഴി നടപ്പാത | 423538 | ശ്രീ.മൂർത്തി |
| 6 | കൽമക്കിയൂർ നടപ്പാത | 404422 | ശ്രീ.മൂർത്തി |
| 7 | ഇഞ്ചിക്കുളം നടപ്പാത | 411888 | ശ്രീ.മൂർത്തി |
| 8 | ഷോളയൂർ ഫോറസ്റ്റ് നടപ്പാത | 290908 | ശ്രീ.മൂർത്തി |
| 9 | മറ്റത്തുകാട് നടപ്പാത | 411547 | ശ്രീ.മൂർത്തി |
| 10 | വട്ടലക്കി നടപ്പാത | 361264 | ശ്രീ.മൂർത്തി |
| 11 | വട്ടലക്കി നടപ്പാത | 412329 | ശ്രീ.മൂർത്തി |
| 12 | കോട്ടത്തറ നടപ്പാത | 389942 | ശ്രീ.മൂർത്തി |
| 13 | വണ്ണാന്തറ നടപ്പാത | 397966 | ശ്രീ.മൂർത്തി |
| 14 | ഷോളയൂർ നടപ്പാത | 408283 | ശ്രീ.മൂർത്തി |

| | | | |
|---|---|---|---|
| 15 | വണ്ണാന്തറ നടപ്പാത | 389805 | ശ്രീ.മൂർത്തി |
| 16 | പെട്ടിക്കൽ നടപ്പാത | 396095 | ശ്രീ.മൂർത്തി |
| 17 | ഷോയൂർ നടപ്പാത | 418779 | ശ്രീ.മൂർത്തി |
| 18 | ചുണ്ടക്കുളം നടപ്പാത | 419583 | ശ്രീ.മൂർത്തി |
| 19 | മേലേ കുറുവാൻപ്പടി നടപ്പാത | 405189 | ശ്രീ.മൂർത്തി |
| | ആകെ | 7510963 | |

രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1.ടെൻണ്ടർ നടപടികളുടെ ഫയൽ പരിശോധിച്ചതിൽ ഇ-ടെൻണ്ടർ ഫീ പഞ്ചായത്തിന് ലഭ്യമായിട്ടില്ല.
2.കോൺട്രാക്ടർ സമർപ്പിച്ച ബിൽ ഇൻവോയ്സ്സ് (GST നമ്പരോടു കൂടിയത് സീൽ ഉള്ളത് )ഹാജരാക്കിയിട്ടില്ല .മാന്വൽ ബില്ല് ആണ് സമർപ്പിച്ചിട്ടുള്ളത്

3.കോൺട്രാക്ടറുടെ GST രജിസ്ട്രേഷൻ (GST NO: 32BDGPM4955GI ) പകർപ്പ് ഹാജരാക്കിയിട്ടില്ല

4.GST നിയമപ്രകാരം രണ്ടര ലക്ഷത്തിന് മുകളിൽ ഉള്ള ബിൽ ആയതിനാൽ സെക്രട്ടറി GST/TDC (2%) നടത്തിയതിൻറ രേഖകൾ ഹാജരാക്കിയിട്ടില്ല

5.മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

6.കോൺട്രാക്ടർ സമർപ്പിച്ച ബില്ലുകൾ പ്രകാരമുള്ള തുകയുടെ GST അടവാക്കിയ രേഖകൾ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.മേൽ പ്രകാരമുള്ള രേഖകൾ ഹാജരാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു.ഓഡിറ്റ് എൻക്വയറി (നം:10/20-21 /2.6.22 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 അഗതി രഹിത കേരളം -മോണിട്ടറിങ് കാര്യക്ഷമമാക്കണം

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 125/21-ആശ്രയ പദ്ധതി | അടങ്കൽ/ഫണ്ടിനം | 500000(PLAN) |
| ചെലവ് | 500000 | ബിൽ നം | 6/20-21 /20.6.20 |
| നിർവ്വഹണം | അസി.സെക്രട്ടറി | | |

സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗക്കാരാണ് അഗതി കുടുംബങ്ങൾ. അഗതി കുടുംബങ്ങളുടെ ക്ഷേമത്തിനായി വികസനഫണ്ടിൽ നിന്നും അഗതി രഹിത കേരളം പദ്ധതിക്കായി തുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള തുക കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

വിവിധ ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കി സർവ്വേ പ്രകാരം കണ്ടെത്തിയ അഗതി കുടുംബങ്ങളിൽ വീട്, കട്ടിൽ, ടോയ് ലെറ്റ്, ഭവന അറ്റകുറ്റപ്പണികൾ, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും ആവശ്യമുള്ള ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ ഗുണഭോക്താക്കൾ | 182 |
| വീട് ശോചനീയാവസ്ഥയിൽ ഉള്ളത് | 9 |
| സ്ഥലമില്ലാത്തവർ | 3 |
| അഗതിമന്ദിരത്തിൽ താമസിക്കുന്നത് | 1 |
| കട്ടിൽ ആവശ്യമുള്ളവർ | 100 |
| ടോയ് ലെറ്റ് അത്യാവശ്യമുള്ളവർ | 40 |
| ഭവന അറ്റകുറ്റപ്പണികൾ | 15 |
| മരുന്ന് ആവശ്യമുള്ളവർ | 12 |
| വീട് ആവശ്യമുള്ളവർ | 4 |
| ഭിന്നശേഷി വിഭാഗക്കാർ | 12 |

തുക നൽകുന്നത് അംഗീകാരം നൽകുന്നതൊഴിച്ച് സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പോ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ അഗതി കുടുംബങ്ങളുടെ ആവശ്യങ്ങൾ വിലയിരുത്തിയിട്ടില്ല എന്ന് മിനിറ്റ്സുകൾ

പരിശോധിക്കുമ്പോൾ കാണുന്നു.

പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സി.ഡി.എസ് കമ്മിറ്റിയുടെ പ്രതിമാസ യോഗം വിലയിരുത്തുന്നുണ്ട്. ഭരണ സമിതിക്ക് ഇതു സംബന്ധിക്കുന്ന റിപ്പോർട്ടുകൾ നൽകുന്നില്ല. ഭക്ഷണ കിറ്റ്, മരുന്ന് ഇവ നിലവിൽ ഗുണഭോക്താക്കളോ അവരുടെ ബന്ധുക്കളോ നേരിട്ട് വാങ്ങുകയാണ് ചെയ്യുന്നത്.നിലവിൽ മരുന്ന് വിതരണം വിദ്യാഭ്യാസ സഹായം എന്നിവ ഫണ്ടിന്റെ അഭാവത്തിൽ നിർത്താലാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗക്കാരാണ് അഗതി കുടുംബങ്ങൾ. ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, ഭവനം, കുടിവെള്ളം വസ്ത്രം വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ മേഖലകളിലെല്ലാം സഹായത്തിനർഹരായ അഗതികൾക്കായുള്ള പദ്ധതിപ്രവർത്തനം സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പോ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ വിലയിരുത്തേണ്ടതും നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. അഗതിരഹിത കേരളം പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതും ആയത് ഭരണസമിതി ചർച്ച ചെയ്ത് യഥാസമയം തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്.

ഭക്ഷണം പാകം ചെയ്യുന്നതിന് ശേഷിയില്ലാത്തവർക്ക് ഭക്ഷണം പാകം ചെയ്തു നൽകാവുന്നതാണ്. റെഡ്പ്ലസ് വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് ഭക്ഷ്യ കിറ്റ് വീടുകളിൽ എത്തിച്ച് നൽകാവുന്നതുമാണ്. മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ് .ഓഡിറ്റ് എൻക്വയറി നം:29/20-21 /4.6.22 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 കുടുംബശ്രീയ്ക്ക് AHADS ഫണ്ട് -മോണിട്ടറിങ് കാര്യക്ഷമമല്ല

2009-10 ൽ ഗ്രാമ പഞ്ചായത്തിന് AHADS (Attapadi Hill Area Devalopment Scheam )മുഖേന ഗ്രാമപഞ്ചായത്ത് കുടുംബശ്രീ യൂണിറ്റുകൾക്ക് പശു, ആട് വളർത്തുന്നതിന്ന് റിവോൾവിങ് ഫണ്ട് ഇനത്തിൽ തുക അനുവദിക്കുന്നതിന്ന് വേണ്ടി 6625440/-രൂപ പഞ്ചായത്ത് സി.ഡി.എസ്സിന് നേരിട്ട് AHADS തുക അനുവദിച്ചിട്ടുണ്ട് (A/C -1656101005784-CANARA ആനക്കട്ടി ബാങ്ക് )ആയതിൽ നിന്ന് 41 ഗ്രൂപ്പുകൾക്ക് തുക (265000 രൂപ വീതം )അനുവദിച്ചു.നിലവിൽ 2785000/-രൂപ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടിൽ ഉണ്ട് . നീക്കിയിരിപ്പ് തുക നാളിതുവരെ യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടില്ല.ലോൺ ലഭ്യമായ ഗ്രൂപ്പുകളുടെ തിരിച്ചടവ് നിലവിൽ നടത്തി വരുന്നില്ല. ഇതു സംബന്ധിച്ച മോണിട്ടറിങ് നടത്തുന്നില്ല.AHADS ലേക്ക് സി.ഡി.എസ് തിരിച്ചടവ് വിശദ വിവരം ലഭ്യമല്ല.(20-21 ലെ KAS ഓഡിറ്റ് റിപ്പോർട്ട് പ്രകാരം AHADS Loan Receivables -4211821 /-രൂപയാണ് )നിലവിൽ കുടുംബശ്രീ യൂണിറ്റുകൾ തിരിച്ചടവ് നടത്തുന്നില്ല.(യൂണിറ്റുകളുമായി വച്ചിട്ടുള്ള കരാർ പ്രകാരം തിരിച്ചടവ് നടത്തേണ്ടതുണ്ട്.)

ഓഡിറ്റ് നിർദ്ദേശം

1.ബന്ധപ്പെട്ട സ്റ്റാന്റിങ് കമ്മറ്റി മോണിട്ടറിങ് കാര്യക്ഷമമാക്കണം.

2.പ്രതിമാസ മീറ്റിങ് നടത്തി സുരാര്യത ഉറപ്പാക്കണം.

3. AHADS ഫണ്ട് നീക്കിയിരിപ്പ് പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റണം.

4.ചെലവഴിക്കാത്ത തുക ചെലവഴിക്കാൻ പദ്ധതി തയ്യാറാക്കണം.

5.റിവോൾവിങ് ഫണ്ട് തിരിച്ചടവ് ഉറപ്പാക്കണം ഓഡിറ്റ് എൻക്വയറിക്ക് (നം:28/20-21 /4.6.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഷോളയൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ നീട്ടലും അനുബന്ധ പ്രവർത്തനങ്ങളും കെ എസ് ഇ ബി എസ്റ്റിമേറ്റ് പ്രകാരം നടപ്പാക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ള താഴെ പറയുന്ന പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ | പ്രൊജക്റ്റ് നം, പേര് | ബിൽ നം | തുക | നിർവ്വഹണ |
|---|---|---|---|---|

| നം. | | | | ഏജൻസി |
|---|---|---|---|---|
| 1 | 95/21<br>ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വൈദ്യതി ലൈൻ ദീർഘിപ്പിക്കൽ | 35,<br>30-3-21<br>(4,99,777) | 49,266/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | കെ എസ് ഇ ബി, അഗളി |
| | | | 4,50,511/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | കെ എസ് ഇ ബി, കോട്ടത്തറ |

മേൽ പ്രൊജക്റ്റിന്റെ വിനിയോഗവിവരം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം-6/20-21/ 2-6-2022)

1-27 സ്കൂളുകളിൽ അടിസ്ഥാന സൗകര്യത്തിനു വേണ്ട പദ്ധതികൾ ഏറ്റെടുക്കുന്നില്ല.

ഷോളയൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 6 സർക്കാർ സ്കൂളുകളും 2 എയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)11/18/തസ്വഭവ ഖണ്ഡിക 7.6 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് സൗകര്യങ്ങൾ ഒരുക്കേണ്ടതും ഫർണ്ണീച്ചറുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതുമാണ്. അതുപോലെ എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലറ്റുകളും വാഷ് ബെയ്സിനുകളും അവയിൽ ജലലഭ്യതയും ശുചിത്വസൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്കൂളുകളുടെ അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട യാതൊരു പദ്ധതികളും 2019-20, 20-21 വർഷങ്ങളിൽ ഏറ്റെടുത്തതായി കാണുന്നില്ല. സ്കൂളുകളിൽ വിദ്യാർത്ഥികൾക്കുള്ള ബെഞ്ചും ഡെസ്കുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളില്ലെന്നും ഇതുവരെയായി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പദ്ധതികൾ ഏറ്റെടുത്തിട്ടില്ലെന്നും ഹെഡ് മാസ്റ്റർ വാക്കാൽ അറിയിച്ചിട്ടുണ്ട്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ട പദ്ധതികൾ നിർവ്വഹണം നടത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണം-5/20-21/ 2-6-22). ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-28 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അപാകങ്ങൾ

2020-21 ൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(ജനറൽ) പ്രൊജക്റ്റിന്റെ രേഖകൾ പരിശോധിക്കുകയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുകയും ചെയ്യുന്നു.

പ്രൊജക്റ്റ് വിശദാംശങ്ങൾ.

| | |
|---|---|
| പ്രൊജക്റ്റ് നം | 8/21 |
| പ്രൊജക്റ്റിന്റെ പേര് | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(ജനറൽ) |
| അടങ്കൽ | 3,00,000(പൊതുവിഭാഗം) |
| ചെലവ് | 1,54,000(പൊതുവിഭാഗം) |
| ബിൽ നം, തീയതി | 1(29-3-21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

1.ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് കാലികമാക്കി അർഹരായവർക്ക് ആനുകൂല്യം നൽകേണ്ടതാണ്.

ഷോളയൂർ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 22 പേർക്ക് സ്കോളർഷിപ്പ് നൽകിയിരുന്നു . 2020-21 ൽ 9 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ആനുകൂല്യം ലഭ്യമാകുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നു. ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് സാമൂഹ്യനീതിവകുപ്പുമായി ചേർന്ന് കാലികമാക്കി

അർഹരായവർക്ക് ആനുകൂല്യം നൽകേണ്ടതാണ്.

2.മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള പരമാവധി തുക വകയിരുത്തേണ്ടതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷികബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28,500/- രൂപ വരെ നൽകാവുന്നതാണ്. മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 16,500/- രൂപയാണ് നൽകിയിട്ടുള്ളത്. 3,00,000/- രൂപ പദ്ധതിക്കായി വകയിരുത്തിയെങ്കിലും 1,54,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.സർക്കുലർ നം ഡിഎ1/192 /2019/ത.സ്വ.ഭ .വ തീയതി 29.06.20 ലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതും, ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ തുക പൂർണ്ണമായും വിതരണം നടത്തേണ്ടതുമാണ്.ഓഡിറ്റ് എൻക്വയറി നം:4/20-21 /4.6.22 .

## 1-28-1 ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് കാലികമാക്കി അർഹരായവർക്ക് ആനുകൂല്യം നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 22 പേർക്ക് സ്കോളർഷിപ്പ് നൽകിയിരുന്നു . 2020-21 ൽ 9 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ആനുകൂല്യം ലഭ്യമാകുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നു. ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് സാമൂഹ്യനീതിവകുപ്പുമായി ചേർന്ന് കാലികമാക്കി അർഹരായവർക്ക് ആനുകൂല്യം നൽകേണ്ടതാണ്.

## 1-28-2 മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള പരമാവധി തുക വകയിരുത്തേണ്ടതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷികബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28,500/- രൂപ വരെ നൽകാവുന്നതാണ്. മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 16,500/- രൂപയാണ് നൽകിയിട്ടുള്ളത്. 3,00,000/- രൂപ പദ്ധതിക്കായി വകയിരുത്തിയെങ്കിലും 1,54,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് അർഹമായ പരമാവധി തുക വകയിരുത്തി പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(4/20-21 /2-6-22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-29 തെരുവ് വിളക്ക് പരിപാലനം- അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ക്രമ നം. 15 പ്രകാരം തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതും ഇവയുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. വിദ്യുച്ഛക്തിയും, ഊർജ്ജവും എന്ന മേഖലയിലും പ്രസ്തുത ചുമതല ഉൾപ്പെടുത്തിയിട്ടുണ്ട് . ഷോളയൂർ ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ പരിപാലനത്തിന്റെ അവലോകനം താഴെ കൊടുക്കുന്നു.

## 1-29-1 തെരുവ് വിളക്കുകൾക്കുള്ള രജിസ്റ്ററുകൾ

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് താഴെ പറയുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു :

1. തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ (സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ).

2. പരാതി രജിസ്റ്റർ.

3. സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ .

4. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്.

ഗ്രാമപഞ്ചായത്തിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വിശദാംശങ്ങൾ ചേർക്കുകയോ കാലികമാക്കിയിട്ടില്ല. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ Performance Guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേട്ടു വന്ന സാധന സാമഗ്രികൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുമ്പോൾ ആയത് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സ്റ്റോക്ക്-ഇൻ, സ്റ്റോക്ക് ഔട്ട് കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

### 1-29-2 സംയുക്തപരിശോധന

2021 ഏപ്രിൽ മാസം കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുകയും 29 മീറ്റേർഡ് കണക്ഷനുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതു മൂലം പ്രതിമാസം ശരാശരി 38,000/- രൂപ ഉണ്ടായിരുന്ന വൈദ്യുതി ചാർജ്ജ് 25,000/- രൂപ ആയി കുറഞ്ഞിട്ടുണ്ട്. നിലവിൽ 625 ലാമ്പുകൾ അൺമീറ്റേഡ് ആയി ഉണ്ട്. ശരാശരി 20,000/- രൂപ അൺമീറ്റേഡ് ലാമ്പുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിലും 5,000/- രൂപ മീറ്റേഡ് ലാമ്പുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിലും പ്രതിമാസം പഞ്ചായത്തിന് ചെലവ് വരുന്നുണ്ട്. മുഴുവൻ തെരുവു വിളക്കുകളും മീറ്റേർഡ് ആയി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-29-3 തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പദ്ധതികൾ

സാമ്പത്തിക വർഷം തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

1.

| | |
|---|---|
| പ്രൊജക്റ്റ് നം | 157/21 |
| പ്രൊജക്റ്റിന്റെ പേര് | തെരുവ് വിളക്ക് സ്ഥാപിക്കൽ |
| അടങ്കൽ | 500000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 498869 |
| ബിൽ നം | 2(498869, 21-5-20) |

പ്രൊജക്റ്റ് പ്രകാരമുള്ള തെരുവുവിളക്കുകളുടെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 276/21 |
| പ്രൊജക്റ്റിന്റെ പേര് | തെരുവ് വിളക്കുകളുടെ അറ്റകുറ്റി പണികൾ |
| അടങ്കൽ | 4,00,000/-<br>1,50,000(പൊതു വിഭാഗം)+2,50,000(തനത്) |
| ചെലവ് | 1,64,350/-<br>1,50,000(പൊതു വിഭാഗം)+14,350(തനത്) |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)രജിസ്റ്റർ ഫോർ അൺസർവ്വീസബിൾ ഐറ്റംസും, പരാതി രജിസ്റ്ററും കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2)പുതിയ ബൾബുകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

3)കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

4)മുഴവൻ തെരുവു വിളക്കുകളും മീറ്റേർഡ് ആയി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല.

1.

| | |
|---|---|
| പ്രൊജക്റ്റ് നം | 73/21 |
| പ്രൊജക്റ്റിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാരം,<br>ജനറൽ |
| അടങ്കൽ | 19,500,00<br>5,00,000(പൊതുവിഭാഗം)+14,50,000(കേന്ദ്രാവിഷ്കൃതം) |
| ചെലവ് | 7,33,345<br>((4,98,037(പൊതുവിഭാഗം)+2,35,308(കേന്ദ്രാവിഷ്കൃതം)) |

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 74/21 |
| പ്രൊജക്റ്റിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാരം,<br>ടി എസ് പി |
| അടങ്കൽ | 30,000,00<br>30,00,000(ടി എസ് പി) |
| ചെലവ് | 29,45,807 |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ ജി.എസ്.ടി കൗൺസിൽ തീരുമാനം നം-28, കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പരിപാടി(ജനറൽ), ടി എസ് പി എന്നീ പ്രോജക്ടുകൾ പ്രകാരം തേജസ് അമൃതം ഫുഡ്സ്, താവളം, അഗളി എന്ന സ്ഥാപനവുമായി നടത്തിയ ഇടപാടുകളിൽ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കാതിരുന്നതിന് വിശദീകരണം

നൽകുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/20-21/ 3-6-22)മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ സ്രോതസിൽനിന്നും നികുതി കിഴിവ് നടത്തി മാത്രം ബിൽ തുക അനുവദിക്കേണ്ടതാണ്.

1-31 ആർട്ട്കോയിൽ നിന്നുള്ള വാങ്ങലുകളിൽ ജി എസ് ടി-ടിഡിഎസ് കുറവ് ചെയ്യുന്നില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | 159/21 |
| പ്രൊജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 5,03,200(പൊതുവിഭാഗം)+1,400(തനത്) =5,04,600/- |
| ചെലവ് | 5,04,600/- |
| ബിൽ നം, തീയതി | 1(1,30,500, 20-4-20)<br>2(1,30,500, 20-4-20)<br>8(1,30,500, 29-6-20)<br>9(1,117,00, 29-6-20) |

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 75/21 |
| പ്രൊജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 4,87,200/-(പൊതുവിഭാഗം) |
| ചെലവ് | 4,65,450/- |
| ബിൽ നം, തീയതി | 33(3,04,500, 24-3-21)<br>34(1,60,950, 30-3-21) |

3.

| | |
|---|---|
| പ്രൊജക്റ്റ് നം | 156/21 |
| പ്രൊജക്റ്റിന്റെ പേര് | അംഗനവാടികൾക്ക് ഉപകരണം വാങ്ങൽ |
| അടങ്കൽ | 4,00,000/-(മെയിന്റനൻസ് റോഡിതരം) |
| ചെലവ് | 3,99,957/- |
| ബിൽ നം, തീയതി | 3(97350, 20-4-20)<br>4(302607, 20-4-20) |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി,ഡി,എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS ( TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2020-21 വർഷത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ആർട്ട്ക്കോയിൽ ( Artisans Development Co-Operative LTD) നിന്നുള്ള മേൽ പ്രൊജക്റ്റുകളുടെ ഭാഗമായുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞ വാങ്ങലുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല.നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം

മാത്രം സപ്ലൈയർക്ക് തുക അനുവദിക്കാതിരുന്നതിന് വിശദീകരണം നൽകുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(23, 3-6-22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ സ്രോതസിൽനിന്നും നികുതി കിഴിവ് നടത്തി മാത്രം ബിൽ തുക അനുവദിക്കേണ്ടതാണ്.

1-32 ലൈഫ് മിഷൻ- ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് എസ് സി, എസ് ടി, ജനറൽ വിഭാഗങ്ങളിലായി 9 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റി 3 വർഷത്തിലേറെ ആയിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു.

1-32-1 ലൈഫ് മിഷൻ (പട്ടിക വർഗ്ഗം) - ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ആദ്യ ഗഡു നൽകിയത് | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|
| | ബേബി, W/o പ്രേംകുമാർ, കോഴിക്കൂടം | 11-7-19 | 2,10,000 | 3,90,000 |

1-32-2 ലൈഫ് മിഷൻ (എസ്.സി.പി ) - ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ആദ്യ ഗഡു നൽകിയത് | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 1 | ശിവകുമാർ, ശിരുവാണി, കോഴിക്കൂടം | 8-11-18 | 40,000 | 3,60,000 |
| 2 | കവിത, ചിറ്റമ്പലം, മാറനട്ടി | 8-11-18 | 40,000 | 3,60,000 |
| 3. | പൂങ്കൊടി ഇളങ്കോവൻ, ശിരുവാണി, കോഴിക്കൂടം | 8-11-18 | 40,000 | 3,60,000 |
| 4 | രാജേന്ദ്രൻ, ശിരുവാണി, കോഴിക്കൂടം | 8-11-18 | 300000 | 100000 |
| 5 | കെ.പ്രഭു, S/o കുമാരൻ, ആനക്കട്ടി | 26-11-18 | 2,00,000 | 2,00,000 |
| 6 | രുഗ്മണി, W/o മരുതൻ, കോഴിക്കൂടം | 26-11-18 | 2,00,000 | 2,00,000 |
| 7 | കെപ്പമ്മാൾ, മട്ടത്തുകാട് | 22-1-19 | 3,00,000 | 1,00,000 |

മേൽ ഭവനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതും പൂർത്തിയാക്കാത്തവയിന്മേലുള്ള തുടർനടപടികൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(22, 3-6-22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർവിവരങ്ങൾ അറിയിക്കേണ്ടതും ഭാവിയിൽ ഭവനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-33 അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ശേഖരിച്ച ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

A) അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ വിവരം

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | ആകെ അംഗനവാടികളുടെ എണ്ണം | 54 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 49 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 3 |
| 4 | കെട്ടിടത്തിന്റെ തരം | |
| | കോൺക്രീറ്റ് | 52 |
| | ഓടിട്ടത് | 1 |
| | ഷീറ്റിട്ടത് | 1 |
| 5 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 0 |
| 6 | ചുറ്റുമതിൽ ഇല്ലാത്തവ | 15 |
| 7 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 31 |
| 8 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 5 |
| 9 | വയറിങ്ങ് കഴിഞ്ഞിട്ടും വൈദ്യുതീകരിക്കാത്തത് | 27 |
| 10 | ധാന്യസംഭരണി ഇല്ലാത്തവ | 0 |
| 11 | കളിപ്പാട്ടങ്ങൾ ഇല്ലാത്തവ | 0 |
| 12 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | 0 |
| 13 | ടോയ് ലെറ്റ് ഇല്ലാത്തവ | 0 |
| | ബേബി ഫ്രന്റ്ലി ടോയ് ലെറ്റ് ഇല്ലാത്തവ | 52 |
| 14 | ഫാൻ ഇല്ലാത്തവ | 4 |
| 15 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 7 |

2020-2021 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് എെ.സി.ഡി.എസ്.ന കീഴിലുള്ള പദ്ധതികൾക്കായി 43,04,820/- രൂപ കേന്ദ്ര വിഹിതം ചെലവഴിക്കാൻ ബാക്കിയുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2/ത.സ്വ.ഭ.വ തിയതി 3-9-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. കേന്ദ്ര വിഹിതത്തിലെ നീക്കിയിരിപ്പിൽ നിന്നുള്ള തുക ഉപയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-34 ക്ഷീര വികസനം- പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

പദ്ധതി മാർഗരേഖ സർക്കാർ ഉത്തരവ് നം. സ.ഉ(കൈ)നം. 11/2018 തസ്വഭവ തിരുവനന്തപുരം/ 29.01.2018 ഖണ്ഡിക 7.2 പ്രകാരം പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യം നേടാൻ ഉതകുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് ആറ് ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ക്ഷീര കർഷകർക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ, കറവയന്ത്രം നൽകൽ, ഡയറി യൂണിറ്റ് സ്ഥാപിക്കൽ, പശുക്കൾക്ക് ധാതുലവണങ്ങൾ/വിരമരുന്ന് എന്നിവ നൽകൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാമായിരുന്നിട്ടും ഇവയുടെ സാധ്യതകൾ പരിശോധിച്ചിട്ടില്ല. തൻമൂലം ക്ഷീരകർഷകർക്ക് ന്യായമായും ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം:12/20-21 /2.6.22 ക്ക് മറുപടി ലഭ്യമായിട്ടില്ല.

1-35 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ

ലഭ്യമായിട്ടില്ല.

ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് , ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനാണ് പ്രൊജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. പ്രോജക്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് , ഫർണിച്ചറുകൾ വാങ്ങൽ (144/2020-21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയൊ) |
| അടങ്കൽ | 1,00,000/- |
| ചെലവ് | 1,00,000/- |
| ബിൽ നം. തിയ്യതി | 2/ 17.03.2021- 20,000/-<br>3/30.03.2021- 80,000/- |

ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 20,000/- രൂപ കെ.എം.എസ്സി.എൽ (കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ്) ലേക്ക് 17.03.2021 തിയതിയിൽ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെയായും 14972/- രൂപയുടെ മരുന്നുകൾ മാത്രമാണ് (Invoice No. 6570/23.09.21 – Amount 13001/-, Invoice No.1159/25.04.21 Amount- 1971) ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെയായും ലഭ്യമായിട്ടില്ല. മരുന്നുകൾ സമയാസമയം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-36 കുടിവെള്ളപദ്ധതികളുടെ പരിപാലനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം

വാർഷിക ധനകാര്യ പത്രിക പ്രകാരം വാട്ടർ ചാർജ്ജ് ഇനത്തിൽ 11,66,805.00 രൂപ വരവുണ്ട്. വാട്ടർ ചാർജ്ജുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമായിട്ടില്ല.

1) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ
കുടിവെള്ള പദ്ധതിയുടെ പേര്:
ഉപഭോക്താക്കളുടെ എണ്ണം (ഗാർഹികം, ഗാർഹികേതരം എന്നിവ ഇനം തിരിച്ച്):
നിരക്ക്:

2)2018-19 വർഷത്തെ വാട്ടർ ചാർജ്ജ് ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

3)വാട്ടർ ചാർജ്ജ് കണക്ഷനുകൾക്ക് മീറ്ററിങ് ഏർപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ.

4)പഞ്ചായത്തിന്റെ ആകെ ഗാർഹിക, ഗാർഹികേതര കണക്ഷനുകളുടെ വിശദാംശങ്ങൾ

5)കുടിശ്ശിക തുകകൾ ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ

6)കുടിവെള്ള കണക്ഷനുകൾക്ക് ഉപഭോക്താക്കളിൽ നിന്നും ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ.

7)വെള്ളക്കരം വൈകി അടവാക്കുന്നതിന് പഞ്ചായത്ത് ഈടാക്കുന്ന പിഴപ്പലിശ. വെള്ളക്കര വർദ്ധനവ് അവസാനം നടത്തിയതിന്റെ വിവരങ്ങൾ, ബന്ധപ്പെട്ട പഞ്ചായത്ത് തീരുമാനം

8)2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രവർത്തനക്ഷമവും, പ്രവർത്തനക്ഷമമല്ലാത്തതുമായ പൊതുടാപ്പുകളുടെ എണ്ണവും, ഇവയ്ക്ക് അടവാക്കിയ വെള്ളക്കരത്തിന്റേയും വിശദവിവരങ്ങൾ.

9)2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലുള്ള വെള്ളക്കരത്തിന്റെ ഡിമാന്റ്, വരവ്, കുടിശ്ശിക, എന്നിവയുടെ കണക്കുകൾ ലഭ്യമാക്കുന്നതോടൊപ്പം, കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം, റിപ്പയർ ചിലവുകൾ എന്നിവ.

10)പഞ്ചായത്ത് നടത്തുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതിന്റെ

വിവരങ്ങൾ.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം: 18/20-21/ 2.6.22 ന് മറുപടി ലഭ്യമായിട്ടില്ല.

1-37 സുഭിക്ഷകേരളം പദ്ധതി- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

കോവിഡിന്റെ പശ്ചാത്തലത്തിൽ കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക, ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ മാർഗ്ഗരേഖ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരവും 29.05.20-ലെ സ.ഉ (സാ.ധാ) നം. 1009/2020/ ത.സ്വ.ഭ.വ പ്രകാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഉത്തരവിലെ താഴെ ചേർക്കുന്ന ഖണ്ഡികകൾ പ്രകാരം തരിശുഭൂമിയിലെ കൃഷിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

2.2.1 - പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2.2.3- പ്രകാരം തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്.

2.2.4 - പ്രകാരം ആനുകൂല്യം രണ്ടുതവണകളായി നൽകേണ്ടതാണ്, ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കുശേഷവും. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ താഴെചേർക്കുന്ന പദ്ധതികളിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്.

പ്രൊജക്ട്- തരിശുഭൂമിയിലെ കൃഷിയ്ക്ക് ധനസഹായം

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| പ്രൊജക്ട് നം. | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ തീയതി/തുക |
|---|---|---|---|---|
| 99/20-21 | തരിശുഭൂമിയിലെ വാഴ കൃഷി (സുഭിക്ഷകേരളം) പൊതു വിഭാഗം | 5,00,000/- | 1,25,800/- | 1. 27.03.21/ 25600/- 2. 24.03.21/ 100200/- |
| 209/20-21 | തരിശുഭൂമിയിലെ ചെറുധാന്യ കൃഷി(സുഭിക്ഷകേരളം) ടി.എസ്.പി | 2,00,000/- | 69,000/- | 20.03.21/ 69,000/- |
| 208/20-21 | തരിശുഭൂമിയിലെ പച്ചക്കറി കൃഷി (സുഭിക്ഷകേരളം) ടി.എസ്.പി | 2,50,000/- | 74,600/- | 17.03.21/ 74,600/- |
| 91/20-21 | തരിശുഭൂമിയിലെ പച്ചക്കറി കൃഷി (സുഭിക്ഷകേരളം) പൊതു വിഭാഗം | 6,80,000/- | 61,600/- | 23.03.2021 61,600/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/04.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1-38 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല.

വസ്തു നികുതി പിരിവിലെ കാര്യക്ഷമത പരിശോധിച്ചതിൽ സാമ്പത്തിക വർഷം വസ്തുനികുതി ഇനത്തിലെ വരവും പിരിച്ചെടുക്കാൻ ശേഷിക്കുന്ന തുകകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | റെസിപ്റ്റ് & പെയ്മെന്റ് | ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുക്കാൻ |
|---|---|---|

| | പ്രകാരമുള്ള വരവ് | ശേഷിക്കുന്നത് |
|---|---|---|
| റെസിഡെൻഷ്യൽ | 2,76,179/- | 9,65,592/- |
| നോൺ റെസിഡെൻഷ്യൽ | 27,57,270/- | 16,82,135/- |
| ആകെ | 30,13,449/- | 26,47,727/- |

പഞ്ചായത്തിന്റെ പ്രധാനവരുമാനസ്രോതസായ വസ്തുനികുതി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

2. വ്യവസായ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ കൃത്യത പരിശോധിക്കേണ്ടതാണ് .

പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പ്രദേശത്ത് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. എന്നാൽ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6) പരിശോധിച്ചതിൽ കോഴി വളർത്തൽ ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് നികുതി ഈടാക്കി വരുന്ന അനേകം കെട്ടിടങ്ങൾ കാണുന്നു. ഇവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | വിനിയോഗഗണം |
|---|---|---|
| 1 | 2/94 | വ്യവസായത്തിനാവശ്യമുള്ളവ-കോഴി വളർത്തൽ ഷെഡ് |
| 2 | 2/95 | |
| 3 | 2/96 | |
| 4 | 2/97 | |
| 5 | 2/98 | |
| 6 | 2/99 | |
| 7 | 2/100 | |
| 8 | 2/101 | |
| 9 | 14/521 | |
| 10 | 1/537 | |
| 11 | 1/382 | |

എ) ടി കെട്ടിടങ്ങളിൽ അനധികൃതമായി ലൈവ് സ്റ്റോക്ക് ഫാം പ്രവർത്തിക്കുന്നുണ്ടോ എന്നും നിലവിൽ ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം, വസ്തുനികുതി നിർണ്ണയിച്ചതിലെ കൃത്യത എന്നിവ പരിശോധിച്ച് അറിയിക്കേണ്ടതാണ്.

ബി) വ്യവസായ ആവശ്യത്തിനുള്ള കൈത്തൊഴിൽ ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ അതേ ആവശ്യത്തിനാണോ ഉപയോഗിക്കുന്നത് എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

3. മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല .

സഞ്ചയ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 9 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ഇവ പരിശോധിച്ചതിൽ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി അവ വസ്തുനികുതി നിർണ്ണയിച്ച കാലം മുതൽ അടവാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | ടവറിന്റെ പേര് | കെട്ടിട നമ്പർ | വാർഷിക വസ്തുനികുതി | വസ്തുനികുതി കുടിശ്ശിക ഏത് വർഷം മുതൽ | വസ്തുനികുതി ആകെ കുടിശ്ശിക |
|---|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് | 2/228 B | 11,340 | 2017 മുതൽ | 62,370 |
| 2 | റിലയൻസ് ടവർ | 12/147 | 1,934 | 2013 മുതൽ | 20,310 |

| | | | | | |
|---|---|---|---|---|---|
| 3 | റിലയൻസ് ടവർ | 12/149 | 2,215 | 2013 മുതൽ | 22,150 |

എ) 12/147 റിലയൻസ് ടവർ - വസ്തുനികുതി നിർണ്ണയിച്ചതിൽ കാലപ്പഴക്കം പത്ത് വർഷം എന്ന് രേഖപ്പെടുത്തി പത്ത് ശതമാനം ഇളവ് 2013 മുതൽ അനുവദിച്ചിട്ടുണ്ട്. ഇളവ് അനുവദിച്ചത് പരിശോധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടാറിങ് പ്രവർത്തി -ബാരൽ വില കുറവ് ചെയ്യിട്ടില്ല

അസി. എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ റോഡ് ടാറിങ് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ചില ബില്ലുകളിൽ നിന്നും ടാർ ബാരലിന്റെ വിലയും GST യും ഈടാക്കുകയോ ബാരൽ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. ടാർ ബാരൽ തിരികെ നൽകി സ്റ്റോക്കിലെടുത്തതായും കാണുന്നില്ല. വിശദ വിവരം ചുവടെചേർക്കുന്നു(ബാരൽ വില 230 രൂപയും +18% GST 42 രൂപയും ഉൾപ്പടെ @272/ബരൽ ആണ്. ടാർ RS1, SS1 എന്നിവയ്ക്ക് ബാരൽ 182 Kg യും ടാർ VG-30 യ്ക്ക 156 Kg യും ആണ് കണക്കാക്കിയിട്ടുള്ളത്.

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ബാരൽ വില സംബന്ധിച്ച് | | |
|---|---|---|---|
| | ടാർ (Kg) | ബാരൽ | വില |
| 1)പ്രവർത്തി:152/21-കൽമക്കിയൂർ സ്മശാനം റോഡ് ടാറിങ്<br>അടങ്കൽ :500000(MGR)<br>ചെലവ്: 426843/-<br>ബിൽ നം:40/20-21/20.4.20<br>എം ബുക്ക് :44/18-19<br>എഗ്രിമെൻറ് :55/AEE/LSGD/SLR/25.1.19<br>കോൺട്രാക്ടർ :പ്രദീഷ് | RS1-198kg<br>SS1-612<br>VG30-1519-kg<br>ആകെ | 1.26<br>3.92<br>5.10<br>10.26<br>(11) | 11x272<br>=2992 |
| 2)പ്രവർത്തി:154/21-ഷോളയൂർ വരടിമല റോഡ് ടാറിങ്<br>അടങ്കൽ :600000(MGR)<br>ചെലവ്: 600000/-<br>ബിൽ നം:9/20-21/20.4.20<br>എം ബുക്ക് :39/18-19<br>എഗ്രിമെൻറ് :70/AEE/LSGD/SLR/7.3.19<br>കോൺട്രാക്ടർ :പ്രദീഷ് | RS1-121kg<br>SS1-374<br>VG30-929-kg<br>ആകെ | 0.80<br>2.39<br><br>13.34<br>(14) | 14x272<br>=3808 |
| 3)പ്രവർത്തി:155/21-പെട്ടിക്കൽ സ്കൂൾ റോഡ് ടാറിങ്<br>അടങ്കൽ : 500000 -MG<br>ചെലവ് : 4970000/-<br>ബിൽ നം: 8/20-21/20.4.20<br>എം ബുക്ക് :47/18-19<br>എഗ്രിമെൻറ്:56/AE/SLR/18-19/25.1.19 | RS1-152kg<br>SS1-360<br>VG30-950kg<br>ആകെ | 1<br>2<br>6<br>9 | 10x272<br>=2720 |

| | | | |
|---|---|---|---|
| (PAC-500000)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 25.7.2019 (6 മാസം As Per TS )<br>പൂർത്തീകരിച്ച തീയ്യതി :27.12.2019 (അവസാന ചെക്ക് മെഷർ)<br>25.7.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ-ശ്രീ.പ്രദീഷ് | | | |
| ആകെ | | | 9520 |

പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ കോൺട്രാക്ടർമിരിൽ നിന്ന് ഈടാക്കണം. ഓഡിറ്റ് എൻക്വയറി (ന:20/20-21/3.6.22 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 5.6.2022 – 9.6.2022 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 160000 | 78/21-ലൈഫ് (SC) | 160000 | 0 |
| | 20-21 | 10000 | 223/21-ലൈഫ് (SC) | 124526 | 125474 |
| | 20-21 | 390000 | 77/21-ലൈഫ് (TSP) | 390000 | |
| ജില്ലാ പഞ്ചായത്ത് | 20-21 | 488000 | 224/21-ലൈഫ് (എസ്.സി.പി) | 488000 | |
| | 20-21 | 840000 | 235/21-ലൈഫ് TSP | 840000 | 0 |
| | 20-21 | 2018000 | 225/21-ലൈഫ് | 2018000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 7/21-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | | 283383 | 283383 | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻ വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ 640000/-രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം

തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS | 21/10-11, LSGD, Dt. 15-11-2010 | 31042500 | 6529160 | 2500000 | - | 4029160 |
| EMS | 21/10-11, LSGD, Dt. 15-11-2010 | 31042500 | 3029160 | 3000000 | - | 29160 |

*തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.
*കെ.യു.ആർ.ഡി.എഫ്.സി.ലോൺ വിവരം ലഭ്യമാക്കിയിട്ടില്ല.

### 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

### 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 88023565 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56436640 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9520 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7510963 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-17 | | 9520 | ശ്രീ.രാജേഷ് .കെ.റ്റി , അസി.എൻജിനിയർ |
| ആകെ | | 9520 | |

(ബി). ഭാഗം-1 ൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-16 | | 45865 | ശ്രീ.രാജേഷ് .കെ.റ്റി , അസി.എൻജിനിയർ |
| 1-22 | | 43116 | ശ്രീ.രാജേഷ് .കെ.റ്റി , അസി.എൻജിനിയർ |
| ആകെ | | 88981 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 7510963 | ശ്രീ.ഷാജൻ.വി.എ ,സെക്രട്ടറി |
| ആകെ | 7510963 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ്.കെ.റ്റി,അസി.എൻജിനിയർ | ഷോളയൂർ ഗ്ര.പ | കാലടിത്താഴത്ത് കുറ്റനാട് (പി.ഒ ) ഒറ്റപ്പാലം,പാലക്കാട് |
| ശ്രീ.ഷാജൻ.വി.എ,സെക്രട്ടറി | ലഭ്യമല്ല | വടക്കംചേരി(H). കാലാർകുഴി,(PO) മൂക്കന്നൂർ എറണാംകുളംജില്ല. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1995-96 | എൽഎഫ്.പി(13)/1768/08/13.5.10 | മുഴുവൻ | |
| 1996-97 | എൽ.എഫ്.പി13/1769/08/13.5.10 | മുഴുവൻ | |
| 1997-98 | എൽ.എഫ്.പി13/1770/08/13.5.10 | മുഴുവൻ | |
| 1998-99 | എൽ.എഫ്.പി13/1771/08/13.5.10 | മുഴുവൻ | |
| 1999-00 | എൽ.എഫ്.പി13/1772/08/13.5.10 | മുഴുവൻ | |
| 2000-01 | എൽ.എഫ്.പി13/1773/08/13.5.10 | മുഴുവൻ | |
| 2001-02 | എൽ.എഫ്.പി13/1774/08/13.5.10 | മുഴുവൻ | |

| | | | |
|---|---|---|---|
| 2002-03 | എൽ.എഫ്.പി22/948/14 /18.11.14 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി22/949/14 /18.11.14 | മുഴവൻ | -ടി- |
| 2004-05 | എൽ.എഫ്.പി22/950/14 /17.11.14 | മുഴവൻ | -ടി- |
| 2005-06 | എൽ.എഫ്.പി22/2014/ 7.11.14 | മുഴവൻ | -ടി- |
| 2006-07 | എൽ.എഫ്.പി22/952/14 /17.11.14 | മുഴവൻ | -ടി- |
| 2007-08 | എൽ.എഫ്.പി22/953/14 /7.8.14 | മുഴവൻ | -ടി- |
| 2008-09 | എൽ.എഫ്.പി22/954/14 /7.8.14 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2009-10, 2010-11 | എൽ.എഫ്.പി22/955/14 /15.12.14 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി22/1084/15 /14.7.15 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2012-13 | നം.എൽ.എഫ്.പി22/639 /2015/11-8-15 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2013-14 & 2014-15 | നം.കെ.എസ്.എ.പി.കെ.ഡി22/1430 /16/9-8-16 | മുഴവൻ | |
| 2015-16 | കെ. എസ്.എ.പി.കെ.ഡി-24/226 /2017/28-1-2017 | മുഴവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ. എസ്.എ.പി.കെ.ഡി-24/1983/2017 തീയ്യതി. 13-10-2017 | മുഴവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ. എസ്.എ.പി.കെ.ഡി-24/886/2019 തീയ്യതി. 22-8-2019 | -20- | ഓഡിറ്റ് റിപ്പോർട്ട് |
| 2018-19 | കെ.എസ്.എ.പി.കെ.ഡി-9/ 112/21 16-4-2021 | 20 | |
| 2019-20 | കെ.എസ്.എ.പി.കെ.ഡി-9/1252 /22/22.07.2022 | | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിലെ ഖണ്ഡികകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ഷോളയാര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ഷോളയാര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

## വാർഷിക കണക്ക് സംക്ഷിപ്തം

(1)

| | | | |
|---|---|---|---|
| | Sholayur Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -13861591.28 |
| 312000000 | Reserves | B-3 | 106560026.00 |
| | Total Reserve & Surplus | | 92698434.72 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 20929745.00 |
| | Total Grants, Contributions for Specific Purposes | | 20929745.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 23472212.00 |
| | Total Loans | | 23472212.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1758994.00 |
| 350000000 | Other Liabilities | B-9 | 2022976.00 |
| | Total Current Liabilities and Provisions | | 3781970.00 |
| | TOTAL LIABILITIES | | 140882361.72 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 113945901.00 |
| 411000000 | Accumulated Depreciation | B-11 | -38783976.00 |
| 412000000 | Capital Work in Progress | B-11(a) | 7075271.00 |
| | Total Fixed Assets | | 82237196.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 10314014.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -54305.00 |
| 440000000 | Pre-paid Expenses | B-16 | 23472212.00 |
| 450000000 | Cash and Bank Balance | B-17 | 24105831.72 |
| 460000000 | Loans, Advances and Deposits | B-18 | 807413.00 |
| | Total Current Assets, Loans and Advances | | -54305.00 |
| | Total Current Assets, Loans and Advances | | 58699470.72 |

ഡെപ്യൂട്ടി ഡയറക്ടർ

(2)

| | | | |
|---|---|---|---|
| | Sholayur Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2955894.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 51360.00 |
| 140000000 | Fee & User Charges | I-4(b) | 2349229.00 |
| 150000000 | Sale & Hire Charges | I-5(b) | 125502.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 253720925.00 |
| 171000000 | Interest Earned | I-8 | 387047.00 |
| 180000000 | Other Income | I-9 | 9254.00 |
| | Total Income | | 259599211.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10352411.00 |
| 220000000 | Administrative Expenses | I-11(b) | 1278563.00 |
| 230000000 | Operations & Maintenance | I-12(b) | 4429194.00 |
| 240000000 | Interest & Finance Charges | I-13 | 4130.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 15859389.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 163747769.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3892484.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 4921434.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | I-14(d) | 43647500.00 |
| 255000000 | Maintenance Projects | I-14(e) | 10605528.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br>Subsidies | I-15 | 558300.00 |
| 272000000 | Depreciation | I-17(a) | 12118608.00 |
| | Total Expenditure | | 271415310.00 |
| | Gross Surplus/ Deficit of income over Expenditure | | -11816099.00 |
| 280000000 | Prior Period Item | I-18 | 640473.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -12456572.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

(3)

| | | | |
|---|---|---|---|
| | Sholayur Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 36377780.72 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 986520.00 |
| 130000000 | Rental income from Panchayat Properties | RP-3 | 37500.00 |
| 140000000 | Fees & User Charges | RP-4 | 2192337.00 |
| 150000000 | Sale & Hire Charges | RP-5 | 125502.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 82258449.00 |
| 171000000 | Interest Earned | RP-9 | 387047.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 16356123.00 |
| 350000000 | Other Liabilities | RP-36 | 157130.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 9254.00 |
| 330000000 | Secured Loans | RP-32 | 6440000.00 |
| 340000000 | Deposits Received | RP-34 | 901330.00 |
| 350000000 | Other Liabilities | RP-36 | 122936.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2214480.00 |
| 460000000 | Loans, Advances and Deposits | RP-47 | 1972140.00 |
| | Grand total | | 150538528.72 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4235439.00 |
| 220000000 | Administrative Expenses | RP-12 | 1278563.00 |
| 230000000 | Operations & Maintenance | RP-13 | 4262192.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 14767248.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 34594543.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4214199.00 |
| 253000000 | Decentralised Plan Programme- Projects not included in<br><br>Sector Division | RP-18 | 4921434.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 120000.00 |

ഡെപ്യൂട്ടി ഡയറക്ടർ